(ബി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വ്യക്തമായ കണക്കുകൾ വകുപ്പ് തലവൻമാരിൽനിന്നും ശേഖരിച്ച് അവലോകനം നടത്തുകയും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു വരികയും ചെയ്യുന്നു. കൂടാതെ എല്ലാ മാസവും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിലെ കേന്ദ്ര ആസൂത്രണ അവലോകന യൂണിറ്റ് പദ്ധതി ചെലവുകളുടെ പുരോഗതി പ്രത്യേകം അവലോകനം ചെയ്തുവരുന്നു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി തുടങ്ങി എല്ലാ തലങ്ങളിലും, വകുപ്പ് അദ്ധ്യക്ഷന്മാരുടെ യോഗത്തിലും അവലോകനം നടത്തുന്നുണ്ട്.

(സി) മുഖ്യമന്ത്രി, മന്ത്രിതല പ്രവർത്തനങ്ങൾക്കുപുറമേ ചീഫ് സെക്രട്ടറി ചെയർമാനും, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് സെക്രട്ടറി കൺവീനറും, ധനകാര്യം, പൊതുമരാമത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാർ, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ആരോഗ്യം, സാമൂഹ്യക്ഷേമം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വകുപ്പു സെക്രട്ടറിമാരും റസിഡന്റ് കമ്മീഷണറും ഉൾപ്പെടുന്ന ഒരു കമ്മിറ്റി ഇതിലേക്കായി പ്രവർത്തിച്ചു പോരുന്നു.

(ഡി) ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം, രാഷ്ട്രീയ സമവികാസ് യോജന, ഇനിഷ്യേറ്റീവ് ഫോർ സ്ട്രെങ്തനിംഗ് അർബൻ ഇൻഫ്രാ സ്ട്രക്ച്ചർ, ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം, സാങ്കേതിക വിദ്യാഭ്യാസ കാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നേടിയെടുക്കാൻ കഴിഞ്ഞു.

കയർ തൊഴിലാളികൾ നടത്തിയ സമരം

*13 [223] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ:
,, കെ. പി. സതീശ്ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികൾ നടത്തിയ സമരത്തെത്തുടർന്ന് 2002 ഡിസംബർ മാസത്തിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളും ചെറുകിട ഉല്പാദകരുടെ പ്രതിനിധികളും കയർ ബോർഡ് പ്രതിനിധികളും സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നു വെളിപെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) 30-12-2002-ലെ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കിവരുന്നു. 26-12-2001 മുതൽ 25-6-2002 വരെ വാങ്ങിയിട്ടുള്ള ഹാന്റ് ലൂം കയർ ഉല്പന്നങ്ങളുടെ വാങ്ങൽ വിലയുടെ 3% വർദ്ധനവ് നിലവിൽ വന്നിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വാങ്ങൽ വിലയുടെ 3% വർദ്ധന കുടിശ്ശിക ശേഖരണവും വിതരണവും ഗവൺമെന്റിന്റെ ചുമതലയിലല്ല, നോൺ ഒഫീഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാരുടെ കമ്മിറ്റിയാണ് നടപ്പിലാക്കുന്നത്. കയർ സഹകരണ സംഘങ്ങളുടെ ആവശ്യങ്ങൾ 2003 മാർച്ച് മാസത്തിൽ ഒരു ചർച്ച നടത്തുകയുണ്ടായി. കയർപിരി മേഖലയിൽ ജില്ലാതലത്തിൽ കൂലി തീരുമാനമായിട്ടുണ്ട്. തീരുമാനിച്ച വേതനം നടപ്പിലാക്കുന്നതിനും തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. കാഷ്വൽ തൊഴിലാളികൾക്ക് സി.ഐ.ആർ.സി. അനുസരിച്ചുള്ള കൂലി ലഭിക്കുന്നില്ല എന്നുള്ള പരാതി ഒന്നും തൊഴിൽ വകുപ്പിന് ലഭിച്ചിട്ടില്ല.

കേരളത്തിനുള്ള ഭക്ഷ്യവിഹിതം വർദ്ധിപ്പിക്കാൻ നടപടി

*14 [224] ശ്രീ. പി. എസ്. സുപാൽ:
,, കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ സംഭരണവും വിതരണവും നിർത്തലാക്കാൻ നടപടി സ്വീകരിച്ചു വരുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഫ്.സി.ഐ. ഡിപ്പോകൾ അടച്ചുപൂട്ടുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; സംസ്ഥാനത്തുള്ള എഫ്.സി.ഐ. ഡിപ്പോകൾ നിർത്തലാക്കിയാൽ പകരം സംവിധാനം ഏർപ്പെടുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) കേരളത്തിനുള്ള ഭക്ഷ്യവിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ നിലപാട് എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്. ഭക്ഷ്യധാന്യ സംഭരണവും വിതരണവും സംസ്ഥാനങ്ങൾ നേരിട്ട് നിർവ്വഹിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം വന്നപ്പോൾ നിലവിലുള്ള സംഭരണ വിതരണ സംവിധാനം തന്നെ തുടരണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയും ഭക്ഷ്യ സാംസ്കാരിക ദേവസ്വം വകുപ്പുമന്ത്രിയും പ്രധാനമന്ത്രി അടക്കമുള്ളവരെ നേരിൽ കണ്ടും നിരവധി തവണ കത്തുകൾവഴി സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു കേന്ദ്രസംഘം സംസ്ഥാനത്ത് എത്തി പ്രശ്നങ്ങൾ നേരിൽ വിലയിരുത്തുകയുണ്ടായി.

(ബി) എഫ്.സി.ഐ. ഡിപ്പോകൾ അടച്ചുപൂട്ടുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര വിഹിതം വർദ്ധിപ്പിക്കാൻ ആവശ്യപ്പെടേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. അനുവദിച്ച അരിവിഹിതം കൃത്യസമയത്ത് സംസ്ഥാനത്ത് എത്തിക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് പലപ്രാവശ്യം ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly